# കാലത്തിന് മുൻപേ നടന്നയാൾ


ഗാന്ധിയൻ പാരമ്പര്യത്തിന്റെയും പ്രൊഫഷണലിസത്തിന്റെയും മൂല്യങ്ങൾ ഒരേസമയം വാശിയോടെ കാത്തുപോന്നു ടി. വേണുഗോപാലൻ

**■ എൻ. പി. രാജേന്ദ്രൻ**

ടി. വേണുഗോപാലൻ പത്രപ്രവർത്തനത്തിൽ എന്തായിരുന്നു എന്ന് ചോദിച്ചാൽ ഒറ്റവാക്കിൽ പറയാവുന്നത് ഇതാണ്– ഒന്നാം കിട ഓൾറൗണ്ടർ. അതാവാൻ വേണ്ടി പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ആളാണ് വേണുഗോപാലൻ എന്ന് ആ ജീവിതരേഖയിലൂടെ കണ്ണോടിച്ചാൽ ആർക്കും മനസ്സിലാകും.

അമ്പതുകളുടെ തുടക്കത്തിലാണ് അദ്ദേഹം ബിരുദം നേടി 'മാതൃഭൂമി'യിൽ എത്തിച്ചേർന്നത്. മറ്റേതെങ്കിലും നല്ല ജോലിയിൽ കയറിപ്പറ്റാനുള്ള ചവിട്ടുപടി ആയിരുന്നില്ല അദ്ദേഹത്തിന് 'മാതൃഭൂമി'യിലെ ജോലി. ജോലിയിൽ തുടരാൻ അക്കാലത്തെന്നല്ല ഇക്കാലത്തും ജേർണലിസത്തിൽ ബിരുദമോ ഡിപ്ലോമയോ അത്യാവശ്യമല്ല. എന്നിട്ടും അദ്ദേഹം അതു പഠിക്കാൻ മദ്രാസിലേയ്ക്ക് പോയി. പത്രപ്രവർത്തനം പഠിക്കാനേ സമയം ചെലവഴിച്ചുള്ളൂ.

'മാതൃഭൂമി'യിൽ നിലകൊണ്ട മൂന്നര പതിറ്റാണ്ടും കാലഘട്ടത്തിന് ഒരടി മുന്നേ സഞ്ചരിച്ച ആളായിരുന്നു വേണുഗോപാലൻ. 1981– ൽ 'മാതൃഭൂമി'യിൽ ജേർണലിസം ട്രെയ്നി ആയി വന്നപ്പോൾ അദ്ദേഹമായിരുന്നു ഞങ്ങളുടെ തലമുറയുടെ പ്രധാന ട്രെയ്നിങ് ഗുരു. ഞങ്ങളൊക്കെ ജനിക്കുന്നതിന് മുമ്പ് പത്രപ്രവർത്തനം തുടങ്ങിയ ആളെന്ന നിലയിൽ ഒരുപാട് അനുഭ



ടി. വേണുഗോപാലൻ

വങ്ങൾ അദ്ദേഹം പങ്കുവെക്കാറുണ്ട്. പത്രത്തിൽ വരുന്നവരെല്ലാം റിപ്പോർട്ടർ ആകാൻ ആഗ്രഹിക്കുന്ന കാലത്ത് എഡിറ്റിങ്ങിൽ താല്പര്യം കണ്ടെത്തിയ ആളായിരുന്നു വേണുഗോപാലൻ. "എന്തേ അന്ന് റിപ്പോർട്ടർ ആയില്ല?" എന്ന് ഒരിക്കൽ ചോദിച്ചപ്പോൾ പറഞ്ഞ മറുപടി ഇപ്പോഴും ഓർക്കുന്നു. "പ്രസംഗറിപ്പോർട്ടിങ് ആയിരുന്നല്ലോ, അന്നത്തെ പ്രധാന പണി. എനിക്ക് അതത്ര പറ്റിയ പണിയായിരുന്നില്ല."

**റിപ്പോർട്ടിങ്ങിലാകട്ടെ എഡിറ്റിങ്ങിലാകട്ടെ, പേജ് ഡിസൈനിലാകട്ടെ അദ്ദേഹം കൊണ്ടുവന്ന പരിഷ്കാരങ്ങൾ പലതും കാലത്തിന് വളരെ മുമ്പേ ആയിരുന്നു. അന്ന് പലരും ചിരിച്ചുതള്ളിയ സംഗതികൾ മിക്കതും പിന്നീട് പൊതുരീതിയായി സകല പത്രങ്ങളും സ്വീകരിച്ചിട്ടുണ്ട്**

അമ്പതുകളിലും അറുപതുകളുടെ തുടക്കത്തിലും മാധ്യമപ്രവർത്തകന്റെ പ്രധാന ചുമതല നേതാക്കളുടെ പ്രസംഗം എഴുതിയെടുക്കലായിരുന്നു. പ്രധാനമന്ത്രി നെഹ്റു ആകട്ടെ മറ്റേതെങ്കിലും നേതാവാകട്ടെ, കേരള പര്യടനത്തിന് വന്നാൽ ഓരോ പ്രദേശത്ത് ചെയ്യുന്ന പ്രസംഗവും പൂർണരൂപത്തിൽ പത്രത്തിൽ കോളം കോളമായി പേജ് പേജായി പ്രസിദ്ധപ്പെടുത്തുകയായിരുന്നു അന്നത്തെ രീതി. ചിലപ്പോൾ നേതാവ് തിരിച്ച് ഡൽഹിയിലെത്തി ദിവസങ്ങൾ കഴിഞ്ഞാലും നെയ്യാറ്റിൻകരയിലോ വർക്കലയിലോ ചെയ്ത പ്രസംഗം പത്രത്തിൽ വരുന്നുണ്ടാവുമായിരുന്നു.

വേണുഗോപാലനെ ഒരിക്കൽ പ്രസംഗം റിപ്പോർട്ട് ചെയ്യാൻ ഏല്പിച്ചപ്പോൾ അദ്ദേഹം ഒരുദിവസത്തെ അസംഖ്യം പ്രസംഗങ്ങൾ കേട്ടു. ഓഫീസിലെത്തി അദ്ദേഹം എല്ലാറ്റിലും പറഞ്ഞ പ്രധാനകാര്യങ്ങൾ മാത്രം ചേർത്ത് ഒരു റിപ്പോർട്ട് ആക്കി. എവിടെയെല്ലാമാണ് പ്രസംഗിച്ചത് എന്നും അതിൽ ചേർത്തു. അന്നത്തെ എഡിറ്റർമാർക്ക് അതൊട്ടും രസിച്ചില്ല. "നീയിനി പ്രസംഗം റിപ്പോർട്ട് ചെയ്യേണ്ട" എന്ന് വിലക്കി. വാസ്തവത്തിൽ വേണുഗോപാലൻ എഴുതിയ രീതിയിലേക്ക് പ്രസംഗ റിപ്പോർട്ടിങ് മാറാൻ പിന്നെ കാലം അധികമൊന്നും വൈകിയില്ല. റിപ്പോർട്ടിങ്ങിലാകട്ടെ എഡിറ്റിങ്ങിലാകട്ടെ, പേജ് ഡിസൈനിലാകട്ടെ അദ്ദേഹം കൊണ്ടുവന്ന പരിഷ്കാരങ്ങൾ പലതും കാലത്തിന് വളരെ മുമ്പേ ആയിരുന്നു. അന്ന് പലരും ചിരിച്ചുതള്ളിയ സംഗതികൾ മിക്കതും പിന്നീട് പൊതുരീതിയായി സകല പത്രങ്ങളും സ്വീകരിച്ചിട്ടുണ്ട്.

വലിയ തലക്കെട്ടുകളും ചിത്രങ്ങളും ടെലിവിഷൻ കാലഘട്ടത്തിന്റെ സൃഷ്ടിയാണ് എന്ന് ഇന്ന് മാധ്യമപണ്ഡിതന്മാർ വിലയിരുത്തുന്നു. വേണുഗോപാലൻ ഡിസൈൻ ചെയ്ത പേജുകൾ കണ്ടാൽ നമുക്ക് ആ വിലയിരുത്തൽ തെറ്റാണെന്ന് ബോധ്യമാകും. ടെലിവിഷൻ വരുന്നതിന് മുമ്പാണ് തിരുവനന്തപുരം 'മാതൃഭൂമി' എഡിഷനിൽ ഇന്ദിരാഗാന്ധിയുടെ വധം ഇന്നു പോലും അസാധാരണം എന്നുവിശേഷിപ്പിക്കാവുന്ന രീതിയിൽ കറുപ്പിൽ വെളുത്ത അക്ഷരങ്ങളായി ഒരു പേജ് മുഴുവനായി അദ്ദേഹം തയാറാക്കിയത്. ഡൽഹിയിലെ ഇന്ദിരാഗാന്ധി മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള രാജ്യത്തെമ്പാടുമുള്ള പത്രങ്ങളുടെ ആ ദിവസത്തെ ഒന്നാം പേജുകളിൽ ഏക മലയാളം പത്രം 'മാതൃഭൂമി'യുടെതായത് വെറുതെയല്ല. ആ പത്രം തിരുവനന്തപുരത്തേ ഇറങ്ങിയുള്ളൂ.

കോഴിക്കോട്ടുള്ള ഞങ്ങളൊക്കെ ദിവസങ്ങൾ കഴിഞ്ഞ് തപാലിൽ വന്നപ്പോൾ മാത്രമാണ് തിരുവനന്തപുരം പത്രം കണ്ട് "ഇങ്ങനെയും പത്രമോ" എന്ന് അദ്ഭുതപ്പെട്ടത്. ഓരോ യൂണിറ്റിലെയും പത്രം അതതിടത്ത് ഉണ്ടാക്കുന്ന രീതി മാറി എല്ലായിടത്തും ഒരേ പേജും ഒരേ ഹെഡ്ഡിങ്ങും വന്നത് പിന്നെയും കുറെ വർഷം കഴിഞ്ഞായിരുന്നു. വേണുഗോപാലൻ തിരുവനന്തപുരത്ത് ന്യൂസ് എഡിറ്ററായിരുന്ന കാലം ഫോട്ടോ ജേർണലിസത്തിന്റെയും സുവർണകാലമായിരുന്നു. മനോഹരമായി അച്ചടിക്കാൻ കഴിയുന്ന പുത്തൻ പ്രസ്സിന്റെ മുഴുവൻ സാധ്യതകളും രാജൻ പൊതുവാളിന്റെ ഫോട്ടോഗ്രാഫിക് പ്രതിഭയും ഉപയോഗപ്പെടുത്തി ഓരോ ദിവസവും ഇറങ്ങിയ അസാധാരണ പേജുകൾ മലയാള മാധ്യമചരിത്രത്തിൽ രേഖപ്പെടുത്തേണ്ട സംഗതി തന്നെയാണ്. ആരോ എഴുതിയതുപോലെ, വാർത്തകളിലേ ബൈലൈൻ കൊടുക്കുന്നുള്ളൂ, പേജ് ഡിസൈൻ ചെയ്ത ആളുടെ പേരും പ്രസിദ്ധപ്പെടുത്തുന്ന സമ്പ്രദായം ഉണ്ടായിരുന്നെങ്കിൽ വേണുഗോപാലൻ അന്തർദേശീയ പ്രശസ്തനാവുമായിരുന്നു.

## തൊഴിൽ മികവും ട്രേഡ് യൂണിയൻ പ്രവർത്തനവും

സ്പോർട്സ് വാർത്തകൾ ഒന്നാം പേജിൽ കൊടുക്കണമെന്ന് വാദിച്ച് പലപ്പോഴും പരാജയം ഏറ്റുവാങ്ങിപ്പോന്നിട്ടുള്ള വി.എം. ബാലചന്ദ്രൻ എന്ന വിംസിയും വേണുഗോപാലനും ഒരേ കാലത്ത് പ്രവർത്തിച്ചവരാണ്. 'അമിതം' എന്ന് ഇന്നുപോലും തോന്നാവുന്ന പ്രാധാന്യം സ്പോർട്സിന് നൽകി വിംസിയെപ്പോലും ഞെട്ടിച്ചിട്ടുണ്ട് വേണുഗോപാലൻ.

1971-ൽ കോഴിക്കോട്ട് നാഷനൽ ഇന്റർയൂണിവേഴ്സിറ്റി ഫുട്ബോളിൽ കലിക്കറ്റ് യൂണിവേഴ്സിറ്റി ചാമ്പ്യന്മാരായപ്പോൾ, 'ചാമ്പ്യൻഷിപ്പ് കലിക്കറ്റിന്' എന്ന് മെയിൻ വാർത്തയാക്കി. എന്നുമാത്രമല്ല, ആ വാർത്തയേ ഒന്നാം പേജിൽ ഉള്ളൂ എന്ന 'കടുംകൈ'യും വേണുഗോപാലൻ ചെയ്തു. കോഴിക്കോടിന്റെ ആവേശം വേണുഗോപാലന്റെ തലയിൽ കേറിയതാണ് എന്ന് കുറ്റപ്പെടുത്തിയവരോട് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. കോഴിക്കോട്ട് ഇറങ്ങുന്ന പത്രത്തിൽ ഒന്നാം പേജിൽ കൊടുക്കാൻമാത്രം പ്രാധാന്യമുള്ള മറ്റൊരു സംഭവവും അന്ന് ലോകത്തൊരിടത്തും ഉണ്ടായിട്ടില്ല എന്ന്. ചെയ്യുന്നത് ഉത്തമബോധ്യത്തോടെ ചെയ്യുകയും അത് ആരെയും ബോധ്യപ്പെടുത്താവുന്ന വിധം ന്യായീകരിക്കുകയും ചെയ്യുക എന്നതാണ് വേണുഗോപാലന്റെ രീതി. അക്കാര്യത്തിൽ അദ്ദേഹത്തെ തോല്പി

ക്കാൻ ആർക്കും കഴിയുമായിരുന്നില്ല.

പല തൊഴിൽ മേഖലകളിലും ട്രേഡ് യൂണിയൻ പ്രവർത്തനവും തൊഴിൽ മികവും വിരുദ്ധസംഗതികളാണ്. നല്ല ജോലിക്കാരൻ നല്ല യൂണിയൻ പ്രവർത്തകൻ ആവുക പ്രയാസം തന്നെ, മറിച്ചും. വേണുഗോപാലൻ രണ്ടും ആയിരുന്നു; ഒരേ കരുത്തോടെ.

മെനക്കിട്ടിരുന്ന് ജോലി ചെയ്യുക എന്നതുതന്നെ യൂണിയൻ വിരുദ്ധ പ്രവർത്തനമാണ് എന്ന് വാദിക്കുന്ന സംസ്കാരം നിലനിൽക്കുന്ന കേരളത്തിലാണ് ഇത്. ജോലി ചെയ്യുമ്പോൾ കർക്കശനായ മേൽനോട്ടക്കാരൻ ആവുന്ന വേണുഗോപാലൻ ജോലി തീർന്നാൽ തമാശക്കാരനായി മാറുമായിരുന്നു. പാട്ടും കളിയും തമാശകളും പൊട്ടിച്ചിരികളുമായുള്ള കൂട്ടായ്മകളിൽ പ്രായവും ഉദ്യോഗതസ്തികകളുമൊന്നും അദ്ദേഹം വക വെക്കാറില്ല. എല്ലാം മറന്ന് ജോലിയിൽ മുഴുകുക, അവകാശം ചോദിക്കേണ്ട ഘട്ടത്തിൽ നട്ടെല്ല് വളയാതെ അത് ചോദിക്കുക. ഈ വിലയേറിയ സന്ദേശമാണ് അദ്ദേഹം തലമുറകൾക്ക് നൽകിയത്.

യൂണിയൻ പ്രവർത്തനം അവകാശങ്ങൾക്കുവേണ്ടിയുള്ള മുദ്രാവാക്യം വിളി മാത്രമല്ല എന്ന ബോധ്യത്തിൽ നിന്നാണ് കേരള പത്രപ്രവർത്തകയൂണിയൻ ആസൂത്രണം ചെയ്ത പത്രപ്രവർത്തക പരിശീലന പരിപാടികളുടെ തുടക്കം. പത്രപ്രവർത്തനത്തെ ഒരു പ്രൊഫഷൻ ആക്കി മാറ്റാനുള്ള ശ്രമമായിരുന്നു അത്. മുതിർന്ന പത്രപ്രവർത്തകർ മുതൽ നാട്ടിൻപുറത്തെ ലേഖകർ വരെയുള്ളവരെ പരിശീലിപ്പിക്കാനുള്ള ബാധ്യത ഏറ്റെടുത്തത് മാധ്യമസ്ഥാപനങ്ങളല്ല, മാധ്യമപ്രവർത്തകരുടെ സംഘടന ആയിരുന്നു. വേറെ ഏതെങ്കിലും തൊഴിൽമേഖലയിൽ ഇങ്ങനെ നടന്നിട്ടുണ്ടോ എന്ന് സംശയമാണ്. 'ന്യൂസ് ക്രാഫ്റ്റ്' എന്ന തൊഴിൽ പരിശീലന വിഭാഗംതന്നെ യൂണിയൻ ഉണ്ടാക്കി. അതാണ് പിന്നീട് കേരള പ്രസ് അക്കാദമിയുടെ രൂപവൽക്കരണത്തിലേക്ക് നയിച്ചത്. പ്രാദേശിക ലേഖകർക്ക് തൊഴിൽ മാർഗനിർദ്ദേശം നൽകാൻ 'മലയാള മനോരമ'യുടെ അന്നത്തെ ന്യൂസ് എഡിറ്റർ തോമസ് ജേക്കബും വേണുഗോപാലും ചേർന്നു രചിച്ച 'നാട്ടുവിശേഷം' എന്ന പുസ്തകം കേരള പ്രസ് അക്കാദമി പ്രസിദ്ധപ്പെടുത്തിയത് 1989-ൽ ആയിരുന്നു. (വെറും ഏഴര രൂപ വിലയ്ക്ക് ആ പുസ്തകം ഇന്നും പ്രസ് അക്കാദമിയിൽ ലഭ്യമാണ്!)

## നിഷ്പക്ഷമായ വാർത്താവിന്യാസം

എഡിറ്റിങ്ങിലും റിപ്പോർട്ടിങ്ങിലും സ്പോർട്സിലും കവിതാരചനയിലും സാഹിത്യനിരൂപണത്തിലും ട്രേഡ് യൂണിയനിലും തൊഴിൽപരിശീലനത്തിലും എല്ലാറ്റിനും പുറമെ ഗവേഷണ പഠനത്തിലും ശ്രദ്ധ കാട്ടിയ മറ്റാരുടെ പേരാണ് കേരള പത്രപ്രവർത്തന ചരിത്രത്തിൽതന്നെ ചൂണ്ടിക്കാട്ടാനാവുക? ഇല്ല ആരുടെ പേരും കാണില്ല. നല്ല ശമ്പളം കിട്ടുന്ന ഡപ്യൂട്ടി എഡിറ്റർ തസ്തിക അവസാന ഘട്ടത്തിൽ ഉപേക്ഷിച്ച് വേണുഗോപാലൻ സ്വയം വിരമിക്കാൻ കടലാസ് കൊടുത്തത് മാനേജ്മെന്റുമായി പിണങ്ങിയിട്ടാണ് എന്നാണ് പലരും ധരിച്ചിരുന്നത്. പിണക്കമുണ്ടായിരുന്നു എന്നത് സത്യമാണ്. പക്ഷേ, അതുകൊണ്ടല്ല, "സ്വദേശാഭിമാനിയെ കുറിച്ചുള്ള പഠനം പൂർത്തിയാക്കി പുസ്തകരചന നടത്താനാണ് ജോലി ഉപേക്ഷിക്കുന്നത്" എന്ന് അദ്ദേഹം ആവർത്തിച്ചു പറയാറുണ്ടായിരുന്നു. വേണുഗോപാലന്റെ വ്യക്തിപരമായ നഷ്ടം മലയാള പത്രപ്രവർത്തനചരിത്രത്തിലെ വലിയ നേട്ടമായി പരിണമിച്ചു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ കുറിച്ചുള്ള 'സ്വദേശാഭിമാനി-രാജദ്രോഹിയായ രാജ്യസ്നേഹി' എന്ന 854 പേജ് വരുന്ന ബൃഹദ് കൃതി അദ്ദേഹത്തിൽനിന്നും നമുക്ക് ലഭിച്ചു.

പഴയ ഗാന്ധിയൻ പാരമ്പര്യത്തിന്റെയും പുതിയ പ്രൊഫഷനലിസത്തിന്റെയും മൂല്യങ്ങൾ ഒരേ സമയം വാശിയോടെ കാത്തുസൂക്ഷിച്ചുപോന്നിട്ടുണ്ട് അദ്ദേഹം. പ്രസ് അക്കാദമിയുടെ സൃഷ്ടിയ്ക്ക് കാരണക്കാരനായിരുന്നെങ്കിലും അതിൽ ഒരുവട്ടംപോലും ചെയർമാനോ വൈസ് ചെയർമാനോ ആകാൻ അദ്ദേഹം കൂട്ടാക്കിയില്ല. പത്രപ്രവർത്തക പെൻഷൻ പദ്ധതി പ്രാവർത്തികമാക്കാൻ ചിരകാലം പ്രവർത്തിച്ചെങ്കിലും സ്പെഷൽ ഓർഡറിലൂടെ അദ്ദേഹത്തിന് പെൻഷൻ അനുവദിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരന്റെ വ്യക്തിപരമായ ആ സന്മനസ്സിനെ വിനയപൂർവം നിരസിക്കുകയാണ് വേണുഗോപാലൻ ചെയ്തത്. ആനുകൂല്യങ്ങൾക്കും ഔദാര്യങ്ങൾക്കും പാരിതോഷികങ്ങൾക്കും ബഹുമതികൾക്കും വേണ്ടി ആളുകൾ നാണംകെട്ട് പരക്കം പായുന്ന നാട്ടിലാണ് അതും സംഭവിച്ചത് എന്നോർക്കുമ്പോഴാണ് അതിന്റെ വിലയും മഹത്വവും മനസ്സിലാവുക.

**പത്രപ്രവർത്തക പെൻഷൻ പദ്ധതി പ്രാവർത്തികമാക്കാൻ ചിരകാലം പ്രവർത്തിച്ചെങ്കിലും സ്പെഷൽ ഓർഡറിലൂടെ അദ്ദേഹത്തിന് പെൻഷൻ അനുവദിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരന്റെ വ്യക്തിപരമായ ആ സന്മനസ്സിനെ വിനയപൂർവം നിരസിക്കുകയാണ് വേണുഗോപാലൻ ചെയ്തത്**

പത്രസ്വാതന്ത്ര്യത്തിനും പ്രൊഫഷനൽ മൂല്യങ്ങൾക്കും അദ്ദേഹം നൽകിയ പ്രാധാന്യം കൂടി എടുത്തു പറയാതിരിക്കാൻ നിവൃത്തിയില്ല. വെളുത്ത ഖദർ വേഷത്തിൽ മാത്രം എന്നും പ്രത്യക്ഷപ്പെടാറുള്ള അദ്ദേഹത്തിന്റെ രാഷ്ട്രീയവിശ്വാസം എന്ത് എന്ന് മാത്രം എനിക്കൊരിക്കലും പിടികിട്ടിയിരുന്നില്ല. അക്കാലത്ത് 'മാതൃഭൂമി'യിൽ എത്തിപ്പെടുന്ന ഒരാൾ ഒരു കോൺഗ്രസ് അനുഭാവിയാകാനേ തരമുള്ളൂ. എങ്കിലും വേണുഗോപാലിന്റെ ഒരു വാർത്താവിന്യാസത്തിലോ വാർത്താരചനയിലോ ആ പക്ഷഭേദം പ്രകടിപ്പിക്കപ്പെട്ടിട്ടില്ല. പക്ഷേ, അടിയന്തരാവസ്ഥയിൽ പത്രസ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും അടിച്ചമർത്തപ്പെട്ടപ്പോൾ അതിനെ ചോദ്യം ചെയ്യാൻ അദ്ദേഹം തയാറായി.■